"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. ശ്രീധരനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.862/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/04/2019**

പരാമർശം: 1. വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 31.12.2011-ലെ ഇ13(എസ് സി 30/2011/കെഎൻആർ) 13213/2011 നമ്പർ കത്ത്

2. സർക്കാരിന്റെ 30.05.2012-ലെ 21012/ഇപിബി3/2012/തസ്വഭവ നമ്പർ കുറ്റപത്രം

3. ശ്രീ. കെ.പി. ശ്രീധരൻ സമർപ്പിച്ച 30.07.2012-ലെ പ്രതിവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 19.03.2013, 17.08.2016 എന്നീ തിയതികളിലെ ഡി9-16515/2012 നമ്പർ റിപ്പോർട്ടുകൾ

5. സർക്കാരിന്റെ 15.10.2016-ലെ 21012/ഇപിബി3/2012/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

6. ശ്രീ. കെ.പി. ശ്രീധരൻ സമർപ്പിച്ച 17/12/2016-ലെ എതിർവാദ പത്രിക

7. സർക്കാരിന്റെ 16.06.2018-ലെ ഇപിബി3/160/2015/തസ്വഭവ നമ്പർ കത്ത്

8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 29.11.2018-ലെ എ1-1/50035/2018/കെ.പി.എസ്.സി. നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്ത് തോട് പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് അനധികൃത തോട് പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന കുറ്റം മുൻനിർത്തി പരിയാരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. ശ്രീധരനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് പരാമർശം (2) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി. കുറ്റപത്രത്തിന് ശ്രീ. കെ.പി. ശ്രീധരൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ കുറ്റപത്രത്തിൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളെല്ലാംതന്നെ നിഷേധിച്ചിട്ടുണ്ട്. ശ്രീ. ശ്രീധരൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പരിയാരം ഗ്രാമപഞ്ചായത്തിൽ 30.11.2007 മുതൽ 05.12.2011 വരെ ശ്രീ. കെ.പി. ശ്രീധരൻ സെക്രട്ടറി തസ്തികയിൽ ജോലി ചെയ്തിരുന്നുവെന്നും പ്രസ്തുത കാലയളവിൽ 07.02.2011 തീയതിയിലാണ് ശ്രീ. എം.വി. സുരേന്ദ്രൻ, ഏമ്പേറ്റ് എന്നിവർ ടി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഏമ്പേറ്റ് വെളിച്ചാനം

പ്രദേശത്ത് കൂടി ഒഴുകുന്ന പൂഞ്ഞാലി തോടിലെ മണ്ണ് യന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യുന്നു എന്ന് ആരോപിച്ച് സെക്രട്ടറിക്ക് പരാതി നൽകുന്നതെന്നും പ്രസ്തുത പരാതിയിൽ സർവ്വേ നമ്പറോ, കനാൽ കയ്യേറ്റത്തെക്കുറിച്ചോ പരാമർശിക്കുന്നില്ലായെന്നും എന്നാൽ പ്രസ്തുത പരാതിയിൽ നിലവിലുണ്ടായിരുന്ന സെക്രട്ടറിയായ ശ്രീ. കെ.പി. ശ്രീധരൻ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലായിട്ടുണ്ടെന്നും പരാതിക്കാരനായ ശ്രീ. സുരേന്ദ്രൻ 14.03.2011-ന് വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് 04.04.2011 തീയതി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിൽ തോട് ഗ്രാമപഞ്ചായത്തിന്റേതാണോ എന്ന ചോദ്യത്തിന് "അല്ല" എന്നും തോട് കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ശ്രീ. എം.വി. സുരേന്ദ്രന്റെ പരാതി ലഭിച്ചിട്ടുണ്ടെന്നും, പരാതിയിൽ വസ്തുത ഇല്ലെന്നുമാണ് കാണിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്ഥല പരിശോധന നടത്തിയതിൽ നിന്നും പരാതി ഉണ്ടായിരുന്ന തോടിന്റെ താഴെ വശത്ത് ഒരു തടയണ 6.3 മീറ്റർ വീതിയിൽ പണിതിട്ടുണ്ടെന്നും തടയണ മുതൽ മുകളിലേക്ക് ഒരു വശം പൂർണ്ണമായും കല്ലുകൊണ്ട് കെട്ടിയിട്ടുണ്ടെന്നും തോടിന്റെ പല സ്ഥലത്തും ആഴവും വീതിയും വിവിധ അളവിലാണെന്നും പരിയാരം അംശം ദേശത്ത് റീ സർവ്വേയിൽപ്പെടുന്ന 75/7 സ്ഥലത്ത് തോട് പുറമ്പോക്ക് പരിയാരം വില്ലേജ് ഓഫീസറുടെയും ബന്ധപ്പെട്ട കക്ഷികളുടെയും സാന്നിദ്ധ്യത്തിൽ അളന്ന് തിട്ടപ്പെടുത്തിയതായും ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അളന്ന് തിരിച്ച പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി കല്ല് കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പരിയാരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, എന്നാൽ പ്രസ്തുത തോട് സംരക്ഷിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിച്ചത്, ശ്രീ. കെ.പി. ശ്രീധരൻ, സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്തിൽ നിന്നും 05.12.2011-ാം തീയതി റിലീവ് ചെയ്തതിനുശേഷം സെക്രട്ടറി തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. കെ.വി. പ്രകാശൻ ആണെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. കെ.പി. ശ്രീധരൻ സമർപ്പിച്ച എതിർവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ അനധികൃത തോട് പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച് ശ്രീ. സുരേന്ദ്രൻ സമർപ്പിച്ച അപേക്ഷയിന്മേൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.പി. ശ്രീധരൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും കൂടാതെ സ്ഥല പരിശോധന നടത്തിയതിൽ തോടിന്റെ താഴ് വശത്ത് ഒരു തടയണ പണിത് ഒരു വശം പൂർണ്ണമായും കല്ലുകൊണ്ട് കെട്ടിയിട്ടുണ്ടെന്നും കയ്യേറ്റം നടത്തിയിട്ടുണ്ടെന്നും, തുടർന്ന് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിട്ടുണ്ട് എങ്കിലും പ്രസ്തുത കയ്യേറ്റം തടയുന്ന യാതൊരു നടപടിയും സ്വീകരിക്കാത്ത പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീ. കെ.പി. ശ്രീധരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്തുവാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ പരാമർശം (6) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടി തുക പിടിയ്ക്കുന്നതിന് പൂർണ്ണ സമ്മതമാണെന്നും അറിയിച്ചിട്ടുമുണ്ട്. തുടർന്ന് ശ്രീ. കെ.പി. ശ്രീധരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുവാനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനു മുമ്പ് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം അനിവാര്യമായതിനാൽ പരാമർശം (7) പ്രകാരം ഇക്കാര്യത്തിൽ കമ്മീഷന്റെ അഭിപ്രായം ആരായുകയും കമ്മീഷൻ പരാമർശം (8) പ്രകാരം സർക്കാരിന്റെ മേൽ തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരിയാരം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. ശ്രീധരനെതിരായ അച്ചടക്ക നടപടി ശ്രീ. കെ.പി. ശ്രീധരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/-

രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുവാനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ശ്രീ.കെ.പി. ശ്രീധരൻ, മുൻ സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്
9. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി1/56/2018/വിജി. തീയതി 21.02.2018പ്രകാരം)
10. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/160/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ